TCPKNR/865/2022-C

I/840 /2023

തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്, ജില്ലാനഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ

ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്-ജില്ലാനഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-തളിപ്പറമ്പ താലൂക്ക്-പരിയാരം ഗ്രാമപഞ്ചായത്ത്-കുറ്റ്യേരി വില്ലേജിൽ റി.സ ബ്ലോക്ക് 72 ൽ റി.സ നമ്പർ 85/3, 85/4 ൽ ഗ്രൂപ്പ് ബി വിദ്യാഭ്യാസ ഗണത്തിൽ ഉൾപ്പെടുന്ന നിലവിലുള്ള കോളേജ് കെട്ടിടത്തോട് ചേർന്ന് പുതിയ നിർമ്മാണം നടത്തുന്നതിന് ഭൂഉപയോഗത്തിനും ലേ ഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KPBR-2019 ചട്ടം 30

2) പ്രസിഡണ്ട്,തളിപ്പറമ്പ,എജുക്കേഷനൽ കോ-ഓപ്പ്സൊസൈറ്റി കാഞ്ഞിരങ്ങാട് . തളിപ്പറമ്പ, കണ്ണൂർ.എന്നവർ സമർപ്പിച്ച അപേക്ഷ.

---

ഉത്തരവ് നമ്പർ TCPKNR/865/2022-C തീയതി 25-01-2023

---

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ താലൂക്കിൽ പരിയാരം ഗ്രാമപഞ്ചായത്തിൽ , കുറ്റ്യേരി വില്ലേജിൽ റീ.സ. ബ്ലോക്ക് 72 ൽ റി. സ. നമ്പർ 85/3, 85/4 ൽ സ്ഥിതി ചെയ്യുന്ന 2.512 ഹെക്ടർ വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് ബി വിദ്യാഭ്യാസഗണത്തിൽ ഉൾപ്പെടുന്ന 3953.93 ച.മീ ബിൽറ്റപ്പ് ഏരിയയുള്ള നിലവിലുള്ള കെട്ടിടത്തിനോട് അനുബന്ധിച്ച് 160.83 ച.മീ ബിൽറ്റപ്പ് വിസ്തീർണ്ണമുള്ള (ടോയിലെറ്റ് ബ്ലോക്ക്-96.12 ച.മീ+ഫയർ സ്റ്റെയർ-52.47 ച.മീ+ലിഫ്റ്റ്-12.24 ച.മീ)വിഭാവിത നിർമ്മാണങ്ങൾ , 3110.34 ച.മീ ബിൽറ്റപ്പ് വിസ്തീർണ്ണമുള്ള ക്രമവത്കരിക്കേണ്ടുന്ന കോളേജ് കെട്ടിടം എന്നിവ ഉൾപ്പെടെ ആകെ 7225.10 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള(FSI -0.27, കവറേജ്-12.18%) നിർമ്മാണങ്ങളുടെ ലേ ഔട്ട് അനുമതിക്കായി പ്രസിഡണ്ട്,തളിപ്പറമ്പ, എജുക്കേഷനൽ കോ- ഓപ്പ് സൊസൈറ്റി കാഞ്ഞിരങ്ങാട് . തളിപ്പറമ്പ, കണ്ണൂർ. എന്നവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KPBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂഉപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഒ.സി/അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ .
2. KPBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം KPBR-2019 അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. KPBR -2019 ചട്ടം 76(2)(3) പ്രകാരം 50litres/sqm എന്ന തോതിൽ മഴ വെള്ള സംഭരണി ഏർപ്പെടുത്തേണ്ടതാണ്.
5. KPBR-2019 ചട്ടം 95(4) പ്രകാരം ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരം ലഭിക്കാതെ നിലവിൽ കോളേജായി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും{സൈറ്റ് പ്ലാനിൽ NO.5 എന്ന് അടയാളപ്പെടുത്തിയത് cellar+(G+2) } സമർപ്പിച്ച പ്ലാനുകൾ പ്രകാരമുള്ള കെട്ടിടത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയതിനാൽ കോമ്പൗണ്ട് ഫീസ് ഈടാക്കി ക്രമവൽക്കരിക്കേണ്ടതാണ്.
6. KPBR-2019 ചട്ടം 42(5) പ്രകാരമുള്ള disabled പാർക്കിംങ്ങിനായി നിലവിൽ നൽകിയ പാർക്കിംഗിൽ നിന്നും രണ്ട് എണ്ണം നൽകേണ്ടതാണ്.
7. KPBR-2019 ചട്ടം 28 (1) പ്രകാരമുള്ള ACCESS WIDTH 6 മീറ്റർ ലഭിക്കുന്ന വിധത്തിൽ പ്രവേശന കവാടം മാറ്റി സ്ഥാപിക്കേണ്ടതാണ്.
8. KPBR-2019 ചട്ടം35(2)b അഗ്നി സുരക്ഷ കോണിപ്പടികൾക്ക് പുറത്തെ ചുമരുമായി ചേർന്ന ഒരു വശം ഉണ്ടായിരിക്കേണ്ടതും ഈ വശം തുറക്കാവുന്ന ഗ്ലാസ്സോ പൊട്ടിക്കാവുന്ന ഗ്ലാസ്സോ കൊണ്ട് നിർമ്മിക്കുകയോ പൂർണ്ണമായും തുറന്നതായിരിക്കുകയും അടിയന്തരഘട്ടങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ പുറത്തു നിന്നും പ്രവേശിക്കാനാകുന്ന വിധം landing area ക്രമീകരിക്കേണ്ടതുമാണ്.
9. KPBR-2019 ചട്ടം 37 പ്രകാരം ആവശ്യമായ നിർഗമന കവാട വീതി എല്ലാ floor ലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

എൽ. എ നമ്പർ 04/2023 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവർത്തികൾ ആരംഭിക്കു ന്നതിനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനു സൃതമായ നിർമ്മാണവികസന അനുമതി ബന്ധപ്പെട്ട/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം .ആരംഭിക്കാൻ പാടുള്ളൂ

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം കണ്ണൂർ - 670 002 തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ്

Signed by
Ravikumar.p
Date: 25-01-2023 14:00:06

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്</u>

1)പ്രസിഡണ്ട്,തളിപ്പറമ്പ,എജുക്കേഷനൽ കോ- ഓപ്പ് സൊസൈറ്റി കാഞ്ഞിരങ്ങാട് . തളിപ്പറമ്പ, കണ്ണൂർ.